"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ-ഇരിക്കൂർ നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ.കെ.സി.ജോസഫ് അവർകളുടെ 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന "Renovation of Swimming Pool and Construction of Dressing room at Nellikkutty in Eruvessy Grama Panchayat in Kannur" എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ-ബി) വകുപ്പ്

സ.ഉ.(കൈ) നം.214/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 25/09/2021

---

പരാമർശം:-
1. 31/07/2014 ലെ സ.ഉ.(സാധാ) നം.1982/2014/തസ്വഭവ
2. 03/03/2015 ലെ സ.ഉ.(സാധാ) നം.336/2015/പൊ.മ.വ
3. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19/12/2020 ലെ എഫ്.ബി5/36648/2020 നമ്പർ കത്ത്.
4. WP(c) No.37647/2018 നം. കേസിൽ ബഹു.ഹൈക്കോടതിയുടെ

   05.10.2020-ലെ വിധിന്യായം.
5. മുൻ എം.എൽഎ ശ്രീ.കെ.സി.ജോസഫ് സമർപ്പിച്ച 22.02.2021 ലെ കത്ത്
6. കണ്ണൂർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിണറുടെ 09.04.2021 ലെ ആർഡി/1611/2020 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇരിക്കൂർ നിയോജക മണ്ഡലം മുൻ എം.എൽ.എ ശ്രീ.കെ.സി.ജോസഫ് അവർകളുടെ 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "Renovation of Swimming Pool and Construction of Dressing room at Nellikkutty in Eruvessy Grama Panchayat in Kannur" എന്ന പദ്ധതിക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് വഴി ഡപ്പോസിറ്റ് പ്രവൃത്തിയായാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയത്. പൊതുമരാമത്ത് വകുപ്പിന്റെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 28.17% ടെണ്ടർ എക്സസ് അനുവദിക്കുകയും കരാറുകാരനായ ശ്രീ ബേബി ജോസഫ് പ്രവൃത്തി ഏറ്റെടുക്കുകയും 23/5/2016-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വേലയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെട്ടത് 31,83,421/-രൂപയ്ക്കായിരുന്നു. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ച കരാറുകാരന് എം-ബുക്ക് പ്രകാരം ആകെ അനുവദിക്കേണ്ടിയിരുന്നത് 31,34,296/-രൂപയായിരുന്നു. "Renovation of Swimming Pool and Construction of Dressing room at Nellikkutty" എന്ന പ്രവൃത്തിയുടെ ബിൽ തുക അനുവദിക്കുന്നതിലേക്ക് ഭരണാനുമതി നൽകിയ പരാമർശം(1) ലെ ഉത്തരവ് പ്രകാരമുള്ള 25 ലക്ഷം രൂപ മാത്രമാണ് തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡെപ്പോസിറ്റ് ചെയ്തിരുന്നത്. ഇതേ തുടർന്ന് ബിൽ തുക

ഡെപ്പോസിറ്റ് തുകയായ 2 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തിക്കൊണ്ടാണ് കരാറുകാരന് അനുവദിച്ചതെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടെണ്ടർ അധികരിച്ചുള്ള തുകയായ 6,34,296/-രൂപ ലഭിക്കുന്നതിലേക്കായി കരാറുകാരൻ ബഹു.കേരള ഹൈക്കോടതിയിൽ WPC No.37647/2018 നമ്പരായി കേസ്

ഫയൽ ചെയ്യുകയും തുടർന്ന് പരാമർശം (4) ലെ ബഹു.കേരള ഹൈക്കോടതി വിധി പ്രകാരം കരാറുകാരന് മൂന്നു മാസത്തിനകം അവശേഷിക്കുന്ന തുക അനുവദിക്കണമെന്ന് ഉത്തരവായിട്ടുള്ളതുമാണ്. ടെണ്ടർ എക്സസ് തുക അനുവദിക്കുന്നതിലേക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമായിരുന്നു.

ഇരിക്കൂർ എം.എൽഎ ആയിരുന്ന ശ്രീ.കെ.സി ജോസഫ് അവർകളുടെ 2012-13 മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിലെ മുഴുവൻ തുകയും വിനിയോഗിച്ചിരിക്കുന്നതിനാൽ ടെണ്ടർ എക്സസ് ഇനത്തിൽ അനുവദിക്കേണ്ട അധിക തുക 2016-21 കാലയളവിലെ പദ്ധതി നിർദ്ദേശങ്ങളിൽ ശേഷിച്ചിട്ടുള്ള ടെണ്ടർ സെവിംഗ്സിൽ നിന്നും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) ലെ കത്ത് പ്രകാരം മുൻ എം.എൽഎ ശ്രീ.കെ.സി.ജോസഫ് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ സേവിംഗ്സ് കണക്കാക്കാനാകുകയുള്ളു എന്നതിനാൽ 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിലെ സാമ്പത്തികവർഷങ്ങളിൽ നിന്നും ടി തുക അനുവദിക്കുന്നത് സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം (6) ലെ കത്ത് പ്രകാരം 2017-18, 2018-19 വർഷങ്ങളിൽ ആകെ 10.5 ലക്ഷം രൂപ ടെണ്ടർ സേവിംഗ്സ് തുകയുണ്ടെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2016-21 വർഷങ്ങളിലെ ടെണ്ടർ സേവിങ്സിൽ നിന്നും കരാറുകാരന് അധിക തുക നൽകാമെന്ന് മുൻ.എം.എൽ.എ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഇരിക്കൂർ നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ.കെ.സി.ജോസഫ് അവർകളുടെ 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന "Renovation of Swimming Pool and Construction of Dressing room at Nellikkutty in Eruvessy Grama Panchayat in Kannur" എന്ന പ്രവൃത്തിക്ക് ടെണ്ടർ എക്സസ് തുക കൂടി ഉൾപ്പെടുത്തി ആകെ 31,34,296/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം(4) ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ(ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ,പി.ഡബ്ല്യു.ഡി.ബിൽഡിംഗ്സ് ,തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഓഡിറ്റ്) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.ഡബ്ല്യു.ഡി.ബിൽഡിംഗ്സ് ,തലശ്ശേരി

ധനകാര്യ വകുപ്പ്(15.07.2021 -ലെ NC-C3/12/2021-FIN പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രിസഭായോഗം ഇനം നം-----തീ--------)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശസ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ